**D1AML2402** **(2 Pages)** **Name..............................**
**Reg.No...........................**

**FIRST SEMESTER M.A. DEGREE EXAMINATION, NOVEMBER 2024**
**(Regular/Improvement/Supplementary)**

**MALAYALAM**
**FMAL1C02 - ആധുനിക കവിത**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. ക്രൂരമിടിത്തീയ്യിൽ വെന്തു പോയീ കേശഭാര കിരീടമണിയേണ്ട മസ്തകം– സന്ദർഭം വിശദമാക്കുക.
2. നിൻ കഥയോർത്തെൻ കരളുരുകി
   സങ്കല്പത്തിൽ വിലയിക്കേ– സൂചിതമെന്ത്? വിശദമാക്കുക.
3. അറിയുന്നു നിൻ സത്യം– ഇവിടെ തിരിച്ചറിയുന്ന സത്യം എന്താണ് ? വിശദമാക്കുക.
4. ഏതോ വളകിലുക്കം കേട്ടലയും ഭ്രഷ്ട കാമുകൻ– സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.
5. കരുത്തനാം ഭാർഗവനന്നു ശേഖരിച്ചെടുത്തു സൂക്ഷിച്ചൊരു മേഘമാലയോ– കവിയുടെ ആശ്ചര്യത്തിന് ഹേതു എന്ത് ? വിശദമാക്കുക.
6. അന്ന വസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചു ഞങ്ങളെ– ഇവിടെ നിറയുന്ന അർത്ഥനയുടെ തലങ്ങൾ ഏവയെന്ന് സംഗ്രഹിക്കുക.
7. വിശപ്പാറ്റാൻ പാതി മാത്രമേയുള്ളൂ. വിവക്ഷിതമെന്ത് ? വിശദമാക്കുക.

**(4 x 2= 8 വെയ്റ്റേജ് )**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. ഗജേന്ദ്രമോക്ഷം കവിതയ്ക്ക് ആധാരമായ പുരാണകഥ ചുരുക്കി എഴുതുക.
9. അന്യാദൃശ്യമായ സ്നേഹം നളിനിയുടെ പ്രധാന ഭാവമാണ് പരിശോധിക്കുക.
10. നിഷ്കളങ്കമായ പിതൃവാത്സല്യത്തിന്റെ തലങ്ങൾ അച്ഛനിലും മകളിലും എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത് ?
11. ആധുനിക മനുഷ്യന്റെ ധർമ്മസങ്കടത്തിന്റെ പ്രതിബിംബം ആണോ മഴുവിന്റെ കഥയിലെ പരശുരാമൻ? പരിശോധിക്കുക.
12. നെല്ലു കുത്തുകാരി പാറുവിന്റെ കഥയിലെ നവോത്ഥാന ദർശനങ്ങളേവ ?

(തുടർച്ച...2)

13. ദയാരഹിതമായ ആധുനിക നാഗരികതയുടെ നീരാളിപ്പിടുത്തം കക്കാടിന്റെ കവിതയിൽ ഉണ്ടോ? 'പാർക്കിൽ' എന്ന കവിതയെ ആസ്പദമാക്കി അപഗ്രഥിക്കുക.
14. രാഘവൻ അത്തോളിയുടെ കത്തി എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങളേവ?

(4 x 3= 12 **വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. മലയാള കാല്പനികതയുടെ വികാസചരിത്രവും സവിശേഷതകളും മലയവിലാസം, നളിനി എന്നീ കൃതികളെ ആസ്പദമാക്കി ഉപന്യസിക്കുക?
16. പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനിൽ ക്കുന്ന ജീവചലനങ്ങളെ ശിവ നടനത്തിന്റെ വ്യത്യസ്ത രൂപഭാവങ്ങൾ ആയി ശിവതാണ്ഡവത്തിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ? ഉപന്യസിക്കുക.
17. ബോധാഗ്നി എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ദർശനങ്ങളേവ ? ഉപന്യസിക്കുക.
18. ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ മാതൃകകളെ അടിസ്ഥാനമാക്കി വിവരിക്കുക.

(2 x 5= 10 **വെയ്റ്റേജ്)**